# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4405 13.11.2019 ലെ മറുപടിയ്ക്ക്

**പട്ടികജാതിക്കാരുടെ ചികിത്സാ സഹായത്തിന് ഓൺലൈൻ അപേക്ഷ**

| | ചോദ്യം<br><br>ശ്രീ.കെ.ദാസൻ | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതിക്കാരായ വിഭാഗത്തിൽ പെട്ടവരുടെ ചികിത്സാ സഹായധന അപേക്ഷകൾ അതത് ബ്ലോക്ക്/നഗരം പട്ടികജാതി ഓഫീസർമാരുടെ ശിപാർശയോടെ ജില്ലാ ഓഫീസുകൾ വഴിയാണോ മന്ത്രിയുടെ ഓഫീസിലേക്ക് അംഗീകാരത്തിനും അനുമതിക്കുമായി വരുന്നത് ; | എ) | അതെ |
| ബി) | ബ്ലോക്ക്/നഗര പട്ടികജാതി വികസന ഓഫീസുകളിൽ നിന്ന് നേരിട്ട് മന്ത്രിയുടെ ഓഫീസിലേക്ക് എത്തുന്ന വിധം അപേക്ഷകൾ കൈകാര്യം ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ; | ബി) | എം.പി/എം.എൽ.എ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർ/നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശുപാർശയോടെ വരുന്ന അടിയന്തര പ്രാധാന്യമുള്ള അപേക്ഷകൾ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ നേരിട്ട് ബഹു.വകുപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്ക് അയയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | മുഖ്യമന്ത്രിയുടെ ചികിത്സാ നിധി യിലേക്ക് അപേക്ഷ ഓൺലൈനിൽ സമർപ്പിക്കുന്നത് പോലെ ആവശ്യമായ രേഖകൾ സഹിതം ഓൺലൈനിൽ സമർപ്പിച്ചതിന് ശേഷം ഹാർഡ് കോപ്പി അതാത് ബ്ലോക്ക് ഓഫീസുകളിൽ സമർപ്പിക്കേണ്ട തുണ്ടോ; വ്യക്തമാക്കാമോ ; | സി) | ഉണ്ട്. നിലവിലുള്ള ഉത്തരവ് പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനു ശേഷം ഹാർഡ് കോപ്പി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. |
| ഡി) | സി.എം.ഡി.ആർ.എഫ്.പോലെ പൂർണ്ണമായും ഓൺലൈൻ രീതി അവലംബിക്കുന്നതിനു എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദമാക്കാമോ? | ഡി) | ചികിത്സാ ധനസഹായ പദ്ധതി പൂർണ്ണമായും ഓൺലൈൻ രീതിയിലാണ്. എന്നാൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഹാർഡ് കോപ്പിയുമായി ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാലാണ് അപേക്ഷയുടെ ഹാർഡ് കോപ്പി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസിൽ വാങ്ങി സൂക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ